**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5711** — **27.10.2011-ൽ മറുപടിയ്ക്ക്**

# ദേശീയ തൊഴിലുറപ്പ് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പ് നിയമം അനുശാസിക്കുംവിധം രജിസ്റ്റർ ചെയ്ത കുടുംബത്തിന് പ്രതിവർഷം ഏറ്റവും കുറഞ്ഞത് എത്രദിവസം തൊഴിൽ ലഭ്യമാക്കേണ്ടതുണ്ട് ; ഇതിൽ കൂടുതൽ ദിവസം തൊഴിൽ നൽകാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ടോ ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി ഒരു വർഷം പരമാവധി 100 ദിവസം എന്ന പരിധിയിൽ കവിയാതെ ജോലി നൽകാമെന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 2-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി അവശ്യാധിഷ്ഠിതമായതിനാൽ പ്രതിവർഷം നൽകേണ്ട ഏറ്റവും കുറഞ്ഞ തൊഴിൽ ദിനങ്ങളുടെ എണ്ണം നിഷ്കർഷിച്ചിട്ടില്ല. |
| ബി. ഇപ്പോൾ ശരാശരി എത്ര ദിവസം തൊഴിൽ നൽകാൻ സാധ്യമാകുന്നുണ്ട് ; | ബി. 2010-11 സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ശരാശരി 40 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞു. 2011-12 വർഷം (21-10-2011 വരെയുള്ള കണക്ക് പ്രകാരം) ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം 16 ആണ്. |
| സി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി നൂറു ദിവസമേ ജോലി നൽകാവൂ എന്ന് നിഷ്കർഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | സി. ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 2(5) പ്രകാരം രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി ഒരു വർഷം പരമാവധി 100 ദിവസം എന്ന പരിധിയിൽ കവിയാതെ ജോലി നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച കാര്യങ്ങൾ തീരുമാനമെടുക്കേണ്ടതു കേന്ദ്ര സർക്കാരാണ്. |

**സെക്ഷൻ ഓഫീസർ.**